(ഡി) ഇതുപ്രകാരം എത്ര സെന്റ് ഭൂമി കൈമാറ്റം ചെയ്യപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(ഇ) നിയന്ത്രണമേഖലയിൽ നിർദ്ദിഷ്ട വികസന ആവശ്യത്തിനായി ഇനിയും എത്ര ഏക്കർ ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) അത്യാവശ്യമില്ലാത്ത ഭൂമി നിയന്ത്രണ പരിധിയിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശിക്കുമോ;

(ജി) അവശ്യംവേണ്ട ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 27-10-1976 മുതൽ.

(ബി) തിരുവനന്തപുരം മെഡിക്കൽകോളേജ് ഏരിയ വികസന പദ്ധതിപ്രകാരം 2.5 ചതുരശ്ര മൈൽ പ്രദേശം ഉൾപ്പെടുന്നു.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവിധ വികസന ആവശ്യങ്ങൾ പരിഗണിച്ച് പദ്ധതി പുതുക്കി കൊണ്ടിരിക്കുകയാണ്. ഇത് പൂർണ്ണമാകുമ്പോൾ മാത്രമേ എത്ര ഏക്കർ ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(എഫ്) ഇക്കാര്യം പദ്ധതി പരിഷ്കരണം പൂർണ്ണമായാലേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ജി) പദ്ധതി പരിഷ്ക്കരണം പൂർത്തിയായി അംഗീകാരം കിട്ടുന്ന മുറയ്ക്ക് നഷ്ട പരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതാണ്.

ജനന-മരണ വിവാഹ രജിസ്ട്രേഷനുകൾ നടത്തുന്നതിന് അദാലത്തുകൾ

104 [5249] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന-മരണ രജിസ്ട്രേഷനുകൾ എത്ര കാലയളവിനുള്ളിൽ നടത്തണം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്ക് ജനന മരണ രജിസ്ട്രേഷനുകൾ നടത്തുവാൻ എന്തു വ്യവസ്ഥയാണ് നിലവിലുള്ളത്;

(സി) വിവാഹ രജിസ്ട്രേഷനുകൾ നടത്തുവാൻ എന്തു വ്യവസ്ഥയാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവാഹ രജിസ്ട്രേഷനുകൾ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള കാലയളവ് എത്രയാണ്;

(ഇ) വിവാഹ രജിസ്ട്രേഷൻ യഥാസമയം നടത്താൻ കഴിയാത്തവർക്ക് പിന്നീട് വിവാഹ രജിസ്ട്രേഷൻ നടത്തുവാൻ നിലവിലുള്ള സംവിധാനം എന്താണ്;

(എഫ്) ജനനമരണ വിവാഹ രജിസ്ട്രേഷനുകൾ യഥാസമയം നടത്താൻ കഴിയാത്തവർക്ക് കാലതാമസം മാപ്പാക്കി രജിസ്ട്രേഷൻ നടത്തുന്നതിന് ജില്ലകൾതോറും അദാലത്തുകൾ നടത്തുവാൻ തദ്ദേശ സ്വയംഭരണവകുപ്പ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജനന മരണ രജിസ്ട്രേഷനുകൾ ജനനം/മരണം നടന്നുകഴിഞ്ഞ് 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ജനനം/മരണം നടന്നുകഴിഞ്ഞ് 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്ക് 21 ദിവസത്തിനുശേഷം ഒരു മാസം വരെ ലോക്കൽ രജിസ്ട്രാർക്ക് ലേറ്റ് ഫീസ് വാങ്ങി രജിസ്റ്റർ ചെയ്യാവുന്നതും ജനനം/മരണം നടന്നുകഴിഞ്ഞ് ഒരു മാസത്തിനുശേഷം ഒരു വർഷത്തിനകമുള്ളവ ജില്ലാ ജനന മരണ രജിസ്ട്രാറുടെയും ഒരു വർഷത്തിനുശേഷമുള്ളവ ആർ.ഡി.ഒ.-യുടെയും അനുവാദം വാങ്ങി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) 1955-ലെ ഹിന്ദു മാര്യേജ് ആക്ട് (കേന്ദ്ര ആക്ട്) പ്രകാരവും 1957-ലെ കേരള ഹിന്ദു മാര്യേജ് രജിസ്ട്രേഷൻ റൂൾസ് പ്രകാരവും വിവാഹ രജിസ്ട്രേഷൻ നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) വിവാഹ രജിസ്ട്രേഷനുകൾ വിവാഹം നടന്നുകഴിഞ്ഞ് 15 ദിവസത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) വിവാഹ രജിസ്ട്രേഷൻ വിവാഹം നടന്ന് കഴിഞ്ഞ് 15 ദിവസത്തിനകം നടത്തേണ്ടതും എന്നാൽ 15 ദിവസം കഴിഞ്ഞാലും 30 ദിവസത്തിനകമാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ ലോക്കൽ രജിസ്ട്രാറുടെ അനുവാദത്തോടെയും അതിനുശേഷം പഞ്ചായത്തു ഡയറക്ടറുടെ പ്രത്യേകാനുവാദത്തോടെയും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(എഫ്) ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള നടപടി പ്രായോഗികമല്ല. യഥാസമയം രജിസ്ട്രേഷൻ നടത്തുന്നതിന് ജനങ്ങൾക്ക് ബോധവൽക്കരണം നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly